കേരള മഹിളാ പ്രധാൻ ഏജൻറ്സ് അസോസിയേഷൻ സർക്കാരിന് നൽകിയ മെമ്മോറാണ്ടം

221 [237] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മഹിളാ പ്രധാൻ ഏജൻറ്സ് അസോസിയേഷൻ ഗവൺമെൻറിന് എന്തെങ്കിലും നിവേദനം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവർ ഉന്നയിച്ച പ്രധാനപ്പെട്ട ആവശ്യങ്ങൾ എന്തെല്ലാം;

(സി) അതിൻമേൽ ഗവൺമെൻറ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

ഉത്തരം

(എ) ഉണ്ട്.

(ബി) മഹിളാ പ്രധാൻ ഏജൻസിന്, കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള കമ്മീഷനു പുറമെ, കേരള സർക്കാർ അനുവദിച്ചിട്ടുള്ള പ്രതിമാസ പ്രോൽസാഹന അലവൻസ് നിബന്ധനകളൊന്നും കൂടാതെ 1000 രൂപയിൽ കൂടുതൽ പ്രതിമാസ സമാഹരണം നടത്തുന്ന എല്ലാ ഏജൻറിനും നൽകണ മെന്നതാണ് മെമ്മോറാണ്ടത്തിലെ ആവശ്യം.

(സി) മെമ്മോറാണ്ടത്തിലെ ആവശ്യം സർക്കാർ വിശദമായി പരി ശോധിക്കുകയും പ്രതിമാസ പ്രോത്സാഹന അലവൻസ് ലഭിക്കുന്നതി നുള്ള നിബന്ധനകൾ വളരെ ഉദാരമാക്കിക്കൊണ്ടുള്ള ഉത്തരവ് 9-4-1986-ൽ പുറപ്പെടുവിക്കുകയും ചെയ്തു. (അച്ചടിച്ച ഉത്തരവു നമ്പർ 30/86 ധന. തീയതി 9-4-1986) പകർപ്പ് അടക്കം ചെയ്തിരിക്കുന്നു †

പീരുമേടിൽ മുദ്രപത്രങ്ങൾക്കും സ്റ്റാമ്പുകൾക്കും നേരിടുന്ന ദൗർലഭ്യം

222 [238] ശ്രീ. കെ. കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് താലൂക്കിൻെറ ഹെഡ്ക്വാർട്ടേഴ്സായ പീരുമേട്ടിൽ മുദ്രപത്രങ്ങളുടേയും, സ്റ്റാമ്പുകളുടേയും ദൗർലഭ്യം നേരിടുന്നതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ദൗർലഭ്യം പരിഹരിക്കുന്നതിനുവേണ്ട സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

---

†അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 221 (237) കാണുക]

കേരള സർക്കാർ

സംഗ്രഹം

ഗ്രാമീണസമ്പാദ്യ പദ്ധതി—മഹിളാ പ്രധാൻ ഏജന്റിന് പ്രോത്സാഹന അലവൻസ് നൽകുന്നതു സംബന്ധിച്ച് പുതുക്കിയ നിബന്ധനകൾ—ഉത്തരവു പുറപ്പെടുവിക്കുന്നു.

ധനകാര്യ (എൻ. എസ്. ഡി.) വകുപ്പ്

ഉത്തരവു നമ്പർ(അച്ചടിച്ചത്)30/86/ധന. തിരുവനന്തപുരം, 9-4-1986

പരാമർശം: (1) 1-2-1985-ലെ 47/85/ധന. നമ്പർ സർക്കാർ ഉത്തരവ് (അച്ചടിച്ചത്)

(2) 10-5-1985-ലെ 2019/എൻ. എസ്. ഡി. ബി1/ധന. നമ്പർ സർക്കുലർ.

(3) 11-2-1986-ലെ 147/86/ധന. നമ്പർ സർക്കാർ ഉത്തരവ് (അച്ചടിച്ചത്)

ഉത്തരവ്

മഹിളാ പ്രധാൻ ഏജന്റുമാർക്ക് പ്രതിമാസ പ്രോത്സാഹന അലവൻസ് നൽകുന്നതു സംബന്ധിച്ച് താഴെ പറയുന്നരീതിയിൽ പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകൾ ഇതിനാൽ പുറപ്പെടുവിച്ചുകൊള്ളുന്നു.

മഹിളാ പ്രധാൻ എജന്റിനു നൽകുന്ന പ്രതിമാസ പ്രോത്സാഹന അലവൻസ് താഴെ പറയുന്ന നിരക്കിലായിരിക്കും.

	പ്രതിമാസ നിക്ഷേപ സമാഹരണം	അലവൻസ് നിരക്ക്
(1) (എ)	അയ്യായിരം രൂപയിൽ താഴെ	ഓരോ ആയിരം രൂപയ്ക്കും രൂപ 25 വീതം.
(ബി)	5000 രൂപയും അതിനു മുകളിൽ 10,000 രൂപവരെ	ഓരോ ആയിരം രൂപയ്ക്കും രൂപ 30 വീതം
(സി)	10,000 രൂപയിൽ കവിയുന്ന ഓരോ ആയിരം രൂപയ്ക്കും	രൂപ 40 വീതം.
(2)	1000 രൂപയിൽ കുറവുള്ള നിക്ഷേപ സമാഹരണത്തിന അലവൻസ് നൽകുന്നതല്ല.	

LIBRARY ARCHIVES Kerala Legislative Assembly

(3) പുതുതായി നിയമനം ലഭിക്കുന്ന ഏജൻറ് പുതിയ അക്കൗണ്ടുകളിലായി 1000 രൂപ സമാഹരിക്കുന്ന മാസം മുതൽക്കേ അലവൻസ് ലഭിക്കാൻ അർഹയാവുകയുള്ളൂ.

(4) പ്രതിമാസ നിക്ഷേപ സമാഹരണത്തിലും പുതിയ അക്കൗണ്ടു തുടങ്ങുന്നതിലും ഏജൻറ് ഗണ്യമായ പുരോഗതി കൈവരിക്കുന്നുണ്ട് എന്നു അലവൻസ് വിതരണം ചെയ്യുന്ന ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്. അലവൻസിനർഹമായ മാസം മുൻമാസത്തെക്കാൾ നിക്ഷേപ സമാഹരണത്തിൽ വർദ്ധനവോ, 10 രൂപയുടെ ഒരു പുതിയ അക്കൗണ്ട് എങ്കിലും തുടങ്ങുകയോ ചെയ്താൽ മാത്രമേ ഏജൻറിനു അലവൻസിനു അർഹത ഉണ്ടായിരിക്കുകയുള്ളൂ.

(5) 1986 മാർച്ച് മാസം മുതലുള്ള നിക്ഷേപ സമാഹരണത്തിനുള്ള പ്രോത്സാഹന അലവൻസ് ഈ ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി നൽകേണ്ടതാണ്.

(6) ഈ ഇനത്തിലുള്ള ചെലവുകൾ 247 (എ) 1—ഡയറക്ടറേറ്റ്—അഡ്മിനിസ്ട്രേഷൻ, സെയിൽസ് ആൻറ് പബ്ലിസിറ്റി എന്ന അക്കൗണ്ടിൽ വകകൊള്ളിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം,)

വി. വി. സാറാമ്മ,

അഡീഷണൽ സെക്രട്ടറി,

ധനകാര്യവകുപ്പ്.

LIBRARY ARCHIVES Kerala Legislative Assembly